**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 154** **11-10-2021 - ൽ മറുപടിയ്ക്ക്**

**റേഷൻ മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഇളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. വാഴൂർ സോമൻ** | | **Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തുടർച്ചയായി റേഷൻ സാധനങ്ങൾ വാങ്ങാതിരുന്ന ഗുണഭോക്താക്കളെ മുൻഗണന വിഭാഗത്തിൽനിന്നും ഒഴിവാക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിരുന്നുവോ; വിശദമാക്കാമോ; | (എ) | തീരുമാനമെടുത്തിരുന്നു. മൂന്ന് മാസം തുടർച്ചയായി റേഷൻ സാധനങ്ങൾ വാങ്ങാത്ത മുൻഗണനാ കാർഡുകൾ കണ്ടെത്തി നിയമപരമായ പരിശോധന നടത്തി അനർഹരെന്നു കണ്ടെത്തിയാൽ മുൻഗണനയിൽ നിന്നും ഒഴിവാക്കുന്നതിന് 25/7/2019ലെ സ.ഉ(സാധാ)നം.298/2019/ ഭ.പൊ.വി.വ പ്രകാരം തീരുമാനമെടുത്തിരുന്നു. എന്നാൽ മതിയായ കാരണത്താലാണ് റേഷൻ കൈപ്പറ്റാത്തതെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം അത്തരക്കാരുടെ മുൻഗണനാ ആനുകൂല്യങ്ങൾ നഷ്ടപ്പെടാതിരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ മുൻഗണനയിൽ നിന്നും ഒഴിവാക്കപ്പെടുന്നവർക്ക് റേഷൻ അർഹത വീണ്ടും ലഭിക്കുന്നതിനായി കാരണം ബോധിപ്പിക്കുന്നതിന് അവസരം നൽകിയിട്ടുണ്ട്. അർഹതയുണ്ടെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം സാദ്ധ്യതാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | മാനസിക, ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുള്ള കുടുംബാംഗങ്ങളെ മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് മാനദണ്ഡങ്ങളിൽ ഇളവ് നല്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡപ്രകാരം ഗുരുതര ശാരീരിക/മാനസിക വൈകല്യമുള്ളവർ ഉൾപ്പെടുന്ന കുടുംബങ്ങളെ ഒഴിവാക്കൽ മാനദണ്ഡങ്ങൾ ബാധകമല്ലെങ്കിൽ, മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഒഴിവാക്കൽ മാനദണ്ഡങ്ങളിൽപ്പെട്ട് മുൻഗണനാ വിഭാഗത്തിൽ നിന്ന് പുറത്തായിട്ടുണ്ടെങ്കിലും ഗുരുതര രോഗബാധ, ഭിന്നശേഷി, സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥ തുടങ്ങിയ പരിഗണനീയമായ കാരണങ്ങളാൽ മുൻഗണനയ്ക്ക് അർഹമാണെന്ന് ബോധ്യപ്പെടുന്ന അപേക്ഷകൾ പരിഗണിച്ച് ഉചിത തീരുമാനമെടുക്കുന്നതിന് പൊതുവിതരണ ഡയറക്ടറെ |

| | | | |
|---|---|---|---|
| | | | ച്ചമതലപ്പെട്ടുത്തിയിട്ടുമുണ്ട്. സംസ്ഥാനത്തിന് അനുവദനീയമായ മുൻഗണനാ ഒഴിവുകൾ പരിമിതമാണെന്നതു പരിഗണിച്ചും ഭക്ഷ്യഭദ്രതാ നിയമപ്രകാരമുള്ള പദ്ധതികളിൽ ഭിന്നശേഷി വിഭാഗത്തിന്റെ പ്രാതിനിധ്യം ഉറപ്പാക്കണമെന്ന കേന്ദ്രനിർദ്ദേശം കൂടി കണക്കിലെടുത്തും റേഷൻ മുൻഗണനയിൽ ടി വിഭാഗത്തിന്റെ സംവരണത്തിനായി 10 മാർക്ക് വെയിറ്റേജ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | റേഷൻ മുൻഗണന വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ പൊതുജനങ്ങളെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | മുൻഗണനാ മാനദണ്ഡങ്ങൾ പൊതുജനങ്ങളെ അറിയിക്കുന്നതിനായി അതു സംബന്ധിച്ച പോസ്റ്റർ റേഷൻ കടകളിൽ പ്രദർശിപ്പിക്കുന്നുണ്ട്. റേഷൻ ഡിപ്പോകളുടെ സമീപത്തെ പഞ്ചായത്തുകളിലും വില്ലേജുകളിലും ടി പോസ്റ്റർ പ്രദർശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. മുൻഗണനാ മാനദണ്ഡങ്ങൾ പ്രതിപാദിക്കുന്ന ഉത്തരവ് സർക്കാർ വെബ്.സൈറ്റിലും വകുപ്പിന്റെ വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. കൂടാതെ എഫ്.എം റേഡിയോ, ജിംഗിൾസ്, പോസ്റ്ററുകൾ, സംസ്ഥാന ഭക്ഷ്യക്കമ്മീഷന്റെ ബോധവൽക്കരണ പരിപാടികൾ എന്നിവ മുഖാന്തിരവും മുൻഗണനാ മാനദണ്ഡം സംബന്ധിച്ച അവബോധം നൽകി വരുന്നുണ്ട്. |
| (ഡി) | മുൻഗണന വിഭാഗത്തിലുള്ള അനർഹരെ ഒഴിവാക്കുമ്പോൾ സംസ്ഥാനം സബ്സിഡി നൽകിവരുന്ന നീല കാർഡുകാരെ ആനുപാതികമായി ഉൾപ്പെടുത്തുവാൻ കഴിയുമോ; വിശദമാക്കാമോ? | (ഡി) | ഇല്ല. എ.എ.വൈ വിഭാഗത്തെ കണ്ടെത്തുന്നതിനായുള്ള കേന്ദ്ര മാനദണ്ഡങ്ങളുടെയും സംസ്ഥാനം നിശ്ചയിച്ചിട്ടുള്ള പി.എച്ച്.എച്ച് മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിലാണ് മുൻഗണനാ വിഭാഗത്തെ കണ്ടെത്തി വരുന്നത്. പ്രസ്തുത മാനദണ്ഡങ്ങൾ പ്രകാരം ഏതെങ്കിലും ഒരു ഒഴിവാക്കൽ മാനദണ്ഡം ബാധകമായി വരുന്നവരാണ് പൊതുവിഭാഗം സബ്സിഡിയിൽ ഉൾപ്പെട്ടു വരുന്നത്. അതു പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉണ്ടാകുന്ന ഒഴിവുകൾ, പൊതുവിഭാഗം സബ്സിഡിയിൽ നിന്ന് നികത്താൻ സാധിക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ